# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.989 10.06.2019 -ലെ മറുപടി

**ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന സേവന പദ്ധതികൾ**

**ചോദ്യം**

**ശ്രീ.സജി ചെറിയാൻ**

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഭൂഗർഭ ജല വകുപ്പ് ഗാർഹിക തലത്തിൽ നടപ്പിലാക്കുന്ന സേവന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | എ) | ഭൂജലവകുപ്പ് തുറന്ന കിണർ, ബോർവെൽ, കുഴൽകിണർ (ട്യൂബ് വെൽ), ഫിൽറ്റർ പോയിന്റ് വെൽ തുടങ്ങിയ ഭൂജല നിർമ്മിതികൾക്കായുള്ള ഭൂജലപര്യവേഷണം, നിർമ്മാണം, കുഴൽകിണർ/ബോർവെൽ വൃത്തിയാക്കൽ, വെൽ ലോഗിങ്, ജലഗുണ നിലവാര പരിശോധന തുടങ്ങിയ പ്രവൃത്തികൾ ഗാർഹികതലത്തിൽ നടപ്പിലാക്കുന്ന സേവന പദ്ധതികളാണ്. |
| ബി) | 2018-19 വർഷം ഉണ്ടായ മഹാപ്രളയത്തിന് ശേഷം വകുപ്പ് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടത്തിയ സേവനങ്ങൾ വിവരിക്കാമോ; | ബി) | 2018-19 വർഷം ഉണ്ടായ മഹാപ്രളയത്തിന് ശേഷം ഭുജലവകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് മുഖാന്തിരം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ ഏഴ് കുടിവെള്ളപദ്ധതികൾ നവീകരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കിയിട്ടുണ്ട്.<br>1.വെൺമണി ഗ്രാമപഞ്ചായത്ത് - 3 എണ്ണം<br>2.മാന്നാർ ഗ്രാമപഞ്ചായത്ത് - 2 എണ്ണം<br>3.ബുധന്നൂർ ഗ്രാമപഞ്ചായത്ത് - 2 എണ്ണം |
| സി) | ഗാർഹിക തല സേവനങ്ങൾക്ക് വകുപ്പ് ഈടാക്കുന്ന സേവന നിരക്കുകൾ വിശദമാക്കാമോ? | സി) | വിവിധതരം ഗാർഹിക തല സേവനങ്ങൾക്ക് വകുപ്പ് ഈടാക്കുന്ന സേവനനിരക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| സേവനം | നിരക്ക് |
|---|---|
| 1.വിവിധതരം കിണറുകൾക്ക് ഉള്ള ഭൂജല പര്യവേഷണം | 585 രൂപ |

| | |
|---|---|
| 2.ബോർവെൽ നിർമ്മാണം | |
| (എ) 4 1/2 ഇഞ്ച് (dia) | ഒരു മീറ്ററിന് 390 രൂപ + പൈപ്പിന്റെ വില |
| (ബി) 6 ഇഞ്ച് (dia) | ഒരു മീറ്ററിന് 665 രൂപ + പൈപ്പിന്റെ വില |
| 3. ഫിൽറ്റർ പോയിന്റ് വെൽ | ഒരു മീറ്ററിന് 255 രൂപ + പൈപ്പിന്റെ വില |
| 4. ട്യൂബ് വെൽ | |
| (എ) 6 ഇഞ്ച് (dia) well assembly | ഒരു മീറ്ററിന് 2315 രൂപ + പൈപ്പിന്റെ വില |
| (ബി) 6 ഇഞ്ച്-ൽ (dia) കൂടുതലുള്ള well assembly | ഒരു മീറ്ററിന് 2980 രൂപ + പൈപ്പിന്റെ വില |
| 5.കിണർ വൃത്തിയാക്കൽ | |
| (എ) ബോർവെൽ | 5790 മിനിമം ചാർജ്ജ് മണിക്കൂറിന് |
| (ബി) ട്യൂബ് വെൽ | 15435 മിനിമം ചാർജ്ജ് മണിക്കൂറിന് |
| (സി) ഫിൽറ്റർ പോയിന്റ് വെൽ | 2870 മിനിമം ചാർജ്ജ് മണിക്കൂറിന് |
| 6.ജലഗുണനിലവാര പരിശോധന | |
| (എ)പൊതുഘടകങ്ങൾ | 445 രൂപ പെർ സാമ്പിൾ |
| (ബി)അധിക ഘടകങ്ങൾ (ഫ്ളൂറൈഡ്, ഫോസ്ഫേറ്റ്) | 225 രൂപ (ഒരു ഘടകത്തിന്) |
| (സി)ബാക്ടിരിയോളജിക്കൽ അനാലിസിസ്സ് | 225 രൂപ പെർ സാമ്പിൾ |
| (ഡി) ഹെവി മെറ്റൽ | 225 രൂപ ഒരു ലോഹത്തിന് |
| 7. വെൽ ലോഗിങ് | 14475 രൂപ |

സെക്ഷൻ ഓഫീസർ